# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| <u>നക്ഷത്ര ചിഹ്നമിടാത്ത</u><br><u>ചോദ്യം നം. 5481</u> | <u>04-07-2013 ൽ ഇടക്കാല</u><br><u>മറുപടി നൽകിയിരുന്നത്</u> |

## <u>ജലസേചനപദ്ധതികളുടെ നവീകരണം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എം.എ.വാഹിദ് | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ജലസേചനപദ്ധതികളുടെ നവീകരണത്തിനായി കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട അണക്കെട്ടുകൾ/ബാരേജുകൾ/റഗുലേറ്റർ എന്നിവയെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന DRIP (ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി)-ൽ ഉൾപ്പെടുത്തി നവീകരിക്കുവാനുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ നവീകരണ പദ്ധതികൾക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | | 6 വർഷത്തെ കാലാവധിയുള്ള DRIP പദ്ധതിയിലേയ്ക്കായി ലോകബാങ്ക് ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനുമായി 280 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 80% ലോകബാങ്ക് വായ്പയും 20% സംസ്ഥാനവിഹിതവുമാണ്.<br>DRIP പദ്ധതിയ്ക്കായി ജലസേചന വകുപ്പ് 158 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 വർഷത്തേയ്ക്ക് DRIP പദ്ധതിയിൽ 40 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | നവീകരണപ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | സംസ്ഥാനത്തെ DRIP-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് ചെയർമാനായി State Level Monitoring Committee രൂപീകരിച്ചിട്ടുണ്ട്. ഇതിൽ അഡീഷണൽ സെക്രട്ടറി (Industries and Public Works), ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി), പദ്ധതി ചീഫ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവർ അംഗങ്ങളാണ്. കൂടാതെ DRIPമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും DRIP പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി ചെയർമാനായുള്ള ഒരു TS Committee രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പദ്ധതി ചീഫ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവർ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ